# കേരളത്തിനും കുടിക്കാം തേങ്ങാപാലൊഴിച്ച കാപ്പിയും ചായയും

**മഞ്ജു കുട്ടികൃഷ്ണൻ**

**കൊച്ചി:** തേങ്ങാപാൽ ഉപയോഗിച്ച കാപ്പിക്കും ചായക്കും അമേരിക്കയിൽ പ്രിയമേറുന്നു. അമേരിക്ക ആസ്ഥാനമായ ബഹുരാഷ്ട്ര കാപ്പിക്കമ്പനി 'സ്റ്റാർബക്സ്' ആണ് കാപ്പിയിലും ചായയിലും തേങ്ങാപാലുമായി രുചിഭേദങ്ങളുടെ പരീക്ഷണം നടത്തുന്നത്. പരീക്ഷണം വൻ വിജയമാണെന്നാണ് സ്റ്റാർബക്സിന്റെ കാപ്പിക്കടകളിൽ തേങ്ങാപാലൊഴിച്ച കാപ്പിയും ചായയും ആവശ്യപ്പെട്ടെത്തുന്നവരുടെ തിരക്ക് തെളിയിക്കുന്നത്.

അമേരിക്കയിലെ ഈ വിജയം കേരളത്തിലെ നാളികേര കർഷകർക്കും ഒപ്പം ചായപ്രേമികൾക്കും പ്രതീക്ഷ കൂട്ടുന്നു. തേങ്ങയുടെ ആവശ്യം കൂട്ടുമെന്നത് കേരകർഷകരെ സന്തോഷിപ്പിക്കുന്നു. മൃഗപ്പാലിന്റെ കുഴപ്പങ്ങൾ ഇല്ലാതെ കൂടുതൽ രുചിയുള്ള ചായയും കാപ്പിയും കിട്ടുമെന്നത് ചായകുടികാർക്കും പ്രിയംകൂട്ടും.

മൃഗങ്ങളുടെ പാലിലെ കൊഴുപ്പ് ഉണ്ടാക്കിയേക്കാവുന്ന ആരോഗ്യപ്രശ്നങ്ങളെ മറികടക്കാൻ തേങ്ങാപാലിന് കഴിയും. പൂരിത കൊഴുപ്പും താരതമ്യേന കുറഞ്ഞ കാർബൺശൃംഖലയുള്ള ട്രൈഗ്ലിസറൈഡുകളും അടങ്ങിയിട്ടുള്ളതിനാൽ മൃഗപ്പാലിന്റെ ദോഷങ്ങളുണ്ടാകില്ലെന്ന പ്രത്യേകതയുമുണ്ട്.



പൂരിത കൊഴുപ്പാണ് തേങ്ങാപാലിൽ 90 ശതമാനവും. മുലപ്പാലിലടങ്ങിയ 'ലോറിക് ആസിഡ്' തേങ്ങാപാലിൽ ധാരാളമുണ്ട്. 51 ശതമാനത്തോളമാണ് ലോറിക് ആസിഡിന്റെ സാന്നിധ്യം. ഹൃദയാരോഗ്യത്തിന് അവശ്യം വേണ്ടുന്ന എച്ച്ഡിഎൽ (ഹൈ ഡെൻസിറ്റി ലിപ്പോപ്രോട്ടീൻ) കൊളസ്ട്രോളിനെ ഉദ്ദീപിപ്പിക്കുന്നതാണിത്. നല്ല കൊളസ്ട്രോൾ എന്ന് വൈദ്യലോകം വിലയിരുത്തുന്ന എച്ച്ഡിഎൽ അളവ് കൂട്ടാനുള്ള തേങ്ങാപാലിന്റെ ഗുണം പണ്ടുമുതലേ ആയുർവേദചികിത്സയിൽ പ്രയോഗിച്ചുവരുന്നുണ്ട്.

കേരളത്തിൽ ശുദ്ധസസ്യാഹാരികളായ പലരും വർഷങ്ങൾക്കു മുമ്പേ ചായയിലും കാപ്പിയിലും തേങ്ങാപാലാണ് ഉപയോഗിച്ചിരുന്നതെന്ന് അനുഭവസ്ഥർ പറയുന്നു. ശ്രീലങ്കയിൽ കൊഴുപ്പുനീക്കിയ പശുവിൻപാലിൽ തേങ്ങാപാലൊഴിച്ച് ഉപയോഗിക്കുന്നതു പതിവാണ്.

അമേരിക്കയിലെ പോർട്ട്ലാൻഡ്, ഓറിഗോൺ, ക്ലേവലാൻഡ് എന്നീ പ്രദേശങ്ങളിലെ കാപ്പിക്കടകളിൽ സ്റ്റാർബക്സിന്റെ തേങ്ങാപാൽ കാപ്പിയും ചായയും കൂടുതൽ ജനകീയമായിട്ടുണ്ട്. രണ്ടാമത്തെ തവണയാണ് കമ്പനി തേങ്ങാപാൽ പരീക്ഷണം നടത്തുന്നത്. കലിഫോർണിയയിലും വാഷിങ്ടണിലും മുമ്പ് കമ്പനി നടത്തിയ ശുദ്ധമായ തേങ്ങാപാലിന്റെ പരീക്ഷണം വിജയംകണ്ടതിനെത്തുടർന്നാണ് മറ്റു കാപ്പിക്കടകളിലേക്കുകൂടി വ്യാപിപ്പിച്ചത്.

വിവിധ രാജ്യങ്ങളിലായി 11, 800 ശാഖകളുള്ള കമ്പനിക്ക് ഇന്ത്യയിൽ ബംഗളൂരുവിലും മുംബൈയിലും പുണെയിലും ഡൽഹിയിലും കാപ്പിക്കടകളുണ്ട്. തണുപ്പു കൂടുന്നതോടെ കാപ്പി-ചായ കുടി കൂടുന്ന സാഹചര്യം പരിഗണിച്ച് പുതിയ പരീക്ഷണം മറ്റിടങ്ങളിലേക്കുകൂടി വ്യാപിപ്പിക്കാനിരിക്കുകയാണ് കമ്പനി.